പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6083

10/07/2012-ൽ മറുപടിക്ക്

## നഗരസഭയിൽ കൗൺസിലർമാരെ കയ്യേറ്റം ചെയ്ത സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. മഞ്ഞളാംകുഴി അലി,<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തലസ്ഥാന നഗരസഭയിൽ കൗൺസിലർമാരെ കയ്യേറ്റം ചെയ്ത സംഭവത്തിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഓരോരുത്തർക്കുമെതിരെ സ്വീകരിച്ച നടപടി യെന്താണെന്ന് വിശദമാക്കുമോ; | (എ) ഈ സംഭവത്തിൽ പോലീസ് അറസ്റ്റ് ചെയ്യപ്പെട്ട 6 ജീവനക്കാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ആറ് ജീവനക്കാരെ പ്രതികളായി ചേർത്ത് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 609/2012 രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട 6 ജീവനക്കാർക്കെതിരെ വകുപ്പുതല നടപടിയും സ്വീകരിച്ചുവരുന്നു. |
| (ബി) എത്ര മണിക്ക് പ്രസ്തുത സംഭവം നടന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്; | (ബി) രാവിലെ 10.30 മുതലാണ് കുറ്റകൃത്യം നടന്നതെന്ന് പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; സസ്പെന്റ് ചെയ്ത ആരെയെങ്കിലും തിരിച്ചെടുത്തിട്ടുണ്ടോ;<br><br>(ഡി) തിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആരെയൊക്കെ തിരിച്ചെടുത്തു എന്നും എന്തടിസ്ഥാനത്തിലാണ് തിരിച്ചെടുത്തതെന്നും വ്യക്തമാക്കുമോ? | (സി) യും (ഡി). യും 20/06/2012 ലെ സർക്കാർ ഉത്തരവ് പ്രകാരം പോലീസ് അറസ്റ്റ് ചെയ്യപ്പെട്ട 6 ജീവനക്കാരെ സസ്പെന്റ് ചെയ്തിരുന്നു . എന്നാൽ സസ്പെന്റ് ചെയ്യപ്പെട്ട ശ്രീ. എം.എസ്. സുരേഷ് കുമാർ ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനെ അറിയിക്കുകയും ടിയാൻ കുറ്റക്കാരനല്ലായെന്ന് |

ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാന
ത്തിൽ ടിയാനെ സസ്പെൻഷനിൽ
നിന്നും 29/06/2012 ലെ സർക്കാർ
ഉത്തരവ് പ്രകാരം ഒഴിവാക്കുകയും
യഥാർത്ഥത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടി
രുന്ന തിരുവനന്തപുരം കോർപ്പ
റേഷനിലെ അക്കൌണ്ട്സ് വിഭാഗ
ത്തിൽ ശിപായിയായ ശ്രീ. എം.
സുരേഷിനെ സസ്പെന്റ് ചെയ്യും
ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.